## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 01. 03.2025 മുതൽ 05.03.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 09/2025, (17) വെള്ളിയാഴ്ച്ച | തീയ്യതി 28/02/2025 |
|---|---|

| കഴിഞ്ഞ ആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2025 ഫെബ്രുവരി 22 മുതൽ ഫെബ്രുവരി 28 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം (2025 മാർച്ച് 01 മുതൽ മാർച്ച് 05 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 22/02 | 23/02 | 24/02 | 25/02 | 26/02 | 27/02 | 28/02 | തീയ്യതി | 01/03 | 02/03 | 03/03 | 04/03 | 05/03 |
| 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | 0.1 | 0.1 | 0.1 | 0 | 0 |
| 37.0 | 36.4 | 37.7 | 37.0 | 36.5 | 36.1 | 36.9 | ഉയർന്ന താപനില (°C) | 36 | 36 | 36 | 36 | 36 |
| 24.2 | 24.2 | 25.3 | 25.5 | 26.7 | 26.9 | 25.6 | കുറഞ്ഞ താപനില (°C) | 27 | 27 | 27 | 27 | 27 |
| Partly cloudy | Partly cloudy | Partly cloudy | Partly cloudy | Partly cloudy | Partly cloudy | Partly cloudy | AM — മേഘ വ്യാപ്തി (ഒക്ടാ) | Partly cloudy | Cloudy | Cloudy | Partly cloudy | Partly cloudy |
| Partly cloudy | Cloudy | Partly cloudy | Partly cloudy | Partly cloudy | Partly cloudy | | PM | | | | | |
| 79 | 87 | 55 | 61 | 43 | 51 | 63 | കൂടിയ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| 37 | 33 | 25 | 31 | 33 | 33 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 32 | 32 | 32 | 32 | 32 |
| 4.2 | 3.6 | 4.9 | 6.7 | 7.5 | 8.7 | 7.5 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 3 | 2 | 3 | 2 |
| NNE | ENE | ENE | NNE | ENE | NNE | NNE | AM — കാറ്റിന്റെ ദിശ (ഡിഗ്രി ) | E | SE | ESE | WNW | W |
| ENE | ENE | NE | NNE | NNE | NNE | NNE | PM | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2025 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/01/25 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 0.0 | 0.0 | 0.0 |

കാലാവസ്ഥാ അറിയിപ്പ്:- തൃശ്ശൂർ ജില്ലയിൽ ഫെബ്രുവരി 28 നും 2025 മാർച്ച് 1 തീയതികളിൽ പരമാവധി താപനില ഏകദേശം 37 ഡിഗ്രി സെൽഷ്യസുവരെ ഉയരാൻ സാധ്യതയുണ്ട്. (സാധാരണയേക്കാൾ 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ)

IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വളരെ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. നെല്ല്, റബ്ബർ, കൊപ്രാ, മുതലായ കാർഷികോല്പന്നങ്ങൾ നനയാതെ സൂക്ഷിക്കുക. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

### വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

**പൊതുനിർദേശങ്ങൾ**:- കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) മൂപ്പെത്തിയ പരുവം | ലക്ഷ്മി രോഗം | നെല്ലിൽ ലക്ഷ്മി രോഗം കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാനായി 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| നെല്ല് പുഞ്ച (ഞാറ്പരുവം) | പരിചരണം | പുഞ്ച കൃഷിക്കായി വിതയ്ക്കുന്ന പാടങ്ങളിൽ വിതയ്ക്കുന്നതിനു മുൻപ് നെൽ വിത്ത് സ്യൂഡോമോണോസുമായി കൂട്ടിക്കലർത്തുന്നത് രോഗബാധയകറ്റുന്നതിന് സഹായിക്കും. ഒരു കിലോഗ്രാം വിത്തിന് പത്ത് ഗ്രാം സ്യൂഡോമോണാസ് എന്ന തോതിൽ കലർത്തുക. പറിച്ച് നടുന്ന പാടങ്ങളിൽ നെൽ ചെടിയുടെ വേര് സ്യൂഡോമോണാസ് കൽച്ചറിന്റെ ലായനിയിൽ അരമണിക്കൂർ മുക്കിവെച്ച് നട്ടാൽ പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി തുടങ്ങിയ രോഗങ്ങൾ ഒരു പരിധിവരെ തടയാം. |
| തെങ്ങ്, കവുങ്ങ് | പരിചരണം | വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ,തെങ്ങ്, കവുങ്ങ് എന്നിവയ്ക്ക് ജലസേചനം നൽകുക. തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരി ഇട്ടു മൂടുന്നത് നല്ലതാണ്. തെങ്ങ്,കവുങ്ങ് എന്നിവയെ ശക്തമായ ചൂടിൽ നിന്നും സംരക്ഷിക്കുന്നതിനായി കുമ്മായം തടിയുടെ താഴത്തെ ഭാഗത്ത് പൂശിക്കൊടുക്കുന്നത് നല്ലതാണ് . |
| മുളക് | ഇലപ്പേൻ | മുളകിൽ ഇലപ്പേനിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയത്തക്കവിധം പത്ത് ദിവസത്തെ ഇടവേളകളിലായി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ സ്പൈറോമെസിഫെൻ 8 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം-: വളർത്തുപക്ഷി മൃഗാധികൾക്കു ആവ്യശ്യത്തിനു ശുദ്ധജലം നൽകണം, വെയിലിൽ നിന്നും ചൂടിൽ നിന്നും സംരക്ഷണം നൽകണം. അവയുടെ താമസ സ്ഥലത്ത് വേണ്ടത്ര വായുസഞ്ചാരം ക്രമീകരിക്കണം. ചൂട് കൂടിയ സമയത്ത് കന്നുകാലികളെ മേയാൻ വിടാതിരിക്കുക. (CAADECCS KVASU, Mannuthy)